# എല്ലാവർക്കും ചിലർ ആവശ്യമാണ്

## (മത്തായി 16:13-19)

മനുഷ്യനെ സൃഷ്ടിച്ച ശേഷം, ദൈവം പറഞ്ഞു, "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല" (ഉല്പത്തി 2:18). ഏകാന്തത എന്നതു ഭയങ്കരമാണ്.

> [ഏകാന്തത] മറ്റേതൊരു കാലത്തേക്കാളും ഇക്കാലത്താണ് മനുഷ്യനെ ഒരു ബാധപോലെ പിടിച്ചിരിക്കുന്നത് ഒരു പ്രമുഖ സ്വിസ് മനശാസ്ത്രജ്ഞൻ അതിനെക്കുറിച്ചു പറഞ്ഞു "ഈ കാലത്തിലെ വിനാശകരമായ രോഗം" ആണ് എന്ന്. അറിയപ്പെടുന്ന ഒരു ഡോക്ടർ പറഞ്ഞു, "ഇത്ര മാരകമായ മാനുഷികാവസ്ഥ - പ്രപഞ്ചത്തിലില്ല".[1]

ജീവിതത്തിൽ നമുക്കെല്ലാം "കൂട്ടായ," പ്രവർത്തനം യോജിച്ച സഹായം ആവശ്യമാണ്.[2]

ആത്മീയ ഗോളത്തിലും ഇതു വാസ്തവമാണ്,"ക്രിസ്ത്യാനിയായി തീർന്ന ശേഷം നിങ്ങൾ നിങ്ങളുടെ കാര്യം നോക്കിക്കൊള്ളണം." എന്നു ദൈവത്തിനു പറയാമായിരുന്നു. നമുക്കെല്ലാവർക്കും ശക്തിയും, സഹായവും, വേണമെന്നു ദൈവത്തിനറിയാം. ഈ പാഠം പറയുന്നതു, ദൈവം നമുക്കു സഹായ ശൃംഖല സ്ഥാപിക്കുമെന്ന യേശുവിന്റെ വാഗ്ദാനത്തെക്കുറിച്ചാണ്. നമ്മുടെ വേദഭാഗമായ മത്തായി 16:13-19 വരെയുള്ള, വേദഭാഗങ്ങളിൽ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന മറ്റു സഹായങ്ങളും നാം ചർച്ച ചെയ്യുന്നുണ്ട്.

തന്റെ വ്യക്തിപരമായ ശുശ്രൂഷ യേശു അവസാനിപ്പിക്കാറായി. ഉടനെ ലൂക്കോസ്9:51 ലെ, പദപ്രയോഗമായ "യെരുശലേമിലേക്കു പോകുവാൻ" യേശു ഒരുങ്ങി എന്നു കാണാം. ആ സമയം യേശുവിനും അതുപോലെ തന്റെ ശിഷ്യന്മാർക്കും പ്രാധാന്യമുള്ള തായിരുന്നു.

## ഒരു വ്യക്തി നിങ്ങൾക്കു ആവശ്യമാണ്

നമ്മുടെ വേദഭാഗം ആരംഭിക്കുന്നതു ''യേശു ഫിലിപിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയപ്പോൾ" എന്നു പറഞ്ഞുകൊണ്ടാണ് (വാക്യം 13).

പാലസ്തീനിൽ രണ്ടു കൈസര്യയുണ്ടായിരുന്നു. ഒന്ന് മദ്ധ്യധരണ്യാഴിയുടെ തീരത്ത്. മറ്റൊന്നു നമ്മുടെ വേദഭാഗത്തിലേതു. പാലസ്തീനിന്റെ വടക്കു കിഴക്കേ അറ്റത്തു സ്ഥിതിചെയ്യുന്നു. യേശു ജനിച്ചു അധികനാളുകൾ കഴിയുന്നതിനു മുൻപ് ഹെരോദ് ഫിലിപ്പോസ് തിബെര്യസ്,[3] പുരാതന നഗരമായിരുന്ന പനയോസ് പുതുക്കി പണിതു ഫിലിപ്പിന്റെ കൈസര്യ എന്നു കൈസരിനെയും അവനേയും ആദരിക്കുവാൻ പുനഃ നാമകരിക്കപ്പെട്ടു. ആ പട്ടണം പണിഞ്ഞിരിക്കുന്ന ശ്രദ്ധേയമായ ഘടന എന്തെന്നാൽ, അതു ഉറച്ച പാറമേൽ, പണിഞ്ഞതായിരുന്നു. ഹെർമോൻ മലയുടെ കീഴിൽ ചുണ്ണാമ്പുപാറയാൽ നിർമ്മിച്ച ഒരു മട്ടുപ്പാവ് പോലെ.

യേശുവും, തന്റെ ശിഷ്യന്മാരും ആളുകളോട് പ്രസംഗിച്ചും അവരെ സഹായിച്ചും സഞ്ചരിച്ചു. ഫിലിപ്പിന്റെ കൈസര്യ എന്ന സ്ഥലത്തെത്തി. തന്റെ ഭൗമിക ശുശ്രൂഷയിൽ സഞ്ചരിച്ച വടക്കേ അറ്റത്തുളള സ്ഥലമായിരുന്നു അത്.

അവൻ അവിടെ എത്തിയപ്പോൾ, യേശു ശിഷ്യന്മാർക്കു ഒരു പരീക്ഷ നല്കി. പരീക്ഷ പഠിപ്പിക്കുന്ന ആൾക്കും പഠിക്കുന്ന ആൾക്കും ഭയമുണ്ടാക്കുന്ന ഒന്നാണ്. ശിഷ്യന്മാരേക്കാൾ കൂടുതൽ പരിശോധനയാണ് അദ്ധ്യാപകനുണ്ടാകുന്നത്. അദ്ധ്യാപകൻ വിചാരിക്കുന്നതു, "ഞാൻ പഠിപ്പിച്ചതു വേണ്ട വിധത്തിൽ ഊന്നൽ കൊടുത്താണോ?" യേശു പരീക്ഷ ആരംഭിച്ചത്, "ജനങ്ങൾ മനുഷ്യ പുത്രനെ ആർ എന്നുപറയുന്നു?" എന്നു ചോദിച്ചുകൊണ്ടാണ് (വാക്യം 13).

ശിഷ്യന്മാർ മറുപടിയായി, "യോഹന്നാൻ സ്നാപകൻ എന്നും; മറ്റു ചിലർ, ഏലിയാവെന്നും; വേറെ ചിലർ, യിരെമ്യാവ്, പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു" (വാക്യം 14). യേശു ആരായിരുന്നു എന്നതിനേക്കുറിച്ചു ആളുകൾക്കിടയിൽ പല ധാരണകളായിരുന്നു. മശിഹയുടെ *പ്രവൃത്തി*യായിരുന്നു യേശു ചെയ്തത്. ആളുകൾ എങ്ങനെ മശിഹ വരുമെന്നു വിചാരിച്ചിരുന്നുവോ, അവൻ അങ്ങനെ ആയിരുന്നില്ല വന്നത്. എങ്കിലും അവൻ *പ്രത്യേകതയുളള ആരോ* ആണെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ടാണ് അവൻ യോഹന്നാൻ സ്നാപകൻ എന്നും, ഏലിയാവെന്നും, യിരെമ്യാവെന്നും, മറ്റൊരു പ്രവാചകൻ എന്നും ആളുകൾ പറഞ്ഞത്.

യെഹൂദന്മാർ ഇങ്ങനെ പറയാൻ കാരണം ആത്മാക്കളുടെ ദേഹാന്തരപ്രാപ്തി സത്യമെന്നു വിശ്വസിച്ചിരുന്നതു കൊണ്ടാണ് എന്നു

ചിലർ വിചാരിക്കുന്നു. അതൊരു മുൻകാല ''അവതാര സിദ്ധാന്തമായിരുന്നു'' - യോഹന്നാൻ സ്നാപകൻ മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്നു പ്രചരിപ്പിക്കാൻ തുടങ്ങിയതു ഹെരോദാവായിരുന്നു (മർക്കൊസ് 6:14, 16). യോഹന്നാൻ വീണ്ടും പ്രത്യക്ഷപ്പെടുന്നതിനെ കുറിച്ചു, യെഹൂദന്മാർക്കിടയിൽ മറ്റു ആശയങ്ങൾ കൂടെ ഉണ്ടായിരുന്നു. മശിഹായ്ക്കു മുൻപു വഴി ഒരുക്കുവാൻ യോഹന്നാൻ സ്നാപകനെ അയയ്ക്കുമെന്ന വാഗ്ദാനവുമായി ബന്ധപ്പെട്ടുണ്ടായതാണ് അത് (മലാഖി 4:4-6).[4] യഹൂദന്മാർ അവതാരത്തിൽ വിശ്വസിച്ചിരുന്നോ ഇല്ലയോ, എന്നെനിക്കറിഞ്ഞുകൂടാ. അങ്ങനെ അവർ വിശ്വസിച്ചിരുന്നുവെങ്കിൽ പോലും അതൊരു ദുരുപദേശമായിരുന്നു - ഇന്നും അങ്ങനെ തന്നെ - ബൈബിൾ പറയുന്നു, "ഒരിക്കൽ മരിക്കയും [ഒന്നിലധികം ഇല്ല] പിന്നെ ന്യായ വിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു. [മരണശേഷം] ന്യായവിധിയാണുള്ളത്. [വേറൊരു ശരീരത്തിൽ പുതിയ ജീവിതമല്ല ഈ ഭൂമിയിലുള്ളത്]" (എബ്രായർ 9:27).

*എന്തുകൊണ്ടു* യേശുവിനെ ഈ മഹാന്മാരായിരുന്ന വ്യക്തികളുമായി ബന്ധപ്പെട്ടു തിരിച്ചറിയുവാൻ ബദ്ധപ്പെടുന്നു എന്നതു കാര്യമാക്കാതെ അവരുടെ സ്വഭാവവിശേഷതകൾ, യേശുവിനെക്കുറിച്ചു ചിലതു നമ്മോടു പറയുന്നുണ്ട്. *തീർച്ചയുള്ള* വ്യക്തിയായിരുന്നു *യോഹന്നാൻ*, കാപട്യത്തിനെതിരായി സംസാരിക്കാൻ മടിക്കാതിരുന്ന വ്യക്തിയായിരുന്നു. അതുപോലെ തന്നെ യേശുവും യെഹൂദന്മാരിലുണ്ടായിരുന്ന കാപട്യത്തെ എടുത്തു കാണിച്ചു. *ഏലിയാവ് ധൈര്യശാലിയായിരുന്നു*, ദുഷ്ട ശക്തിക്കെതിരെ ഒറ്റയ്ക്കു പോരാടിയ വ്യക്തിയായിരുന്നു അവൻ. അങ്ങനെ തന്നെ യേശുവും തന്റെ കാലയളവിലെ ശക്തരായ മതനേതാക്കളുടെ ദുഷ്ടതയ്ക്കെതിരെ പോരാടി. മറിച്ചു *യിരെമ്യാവ്* ജനങ്ങൾക്കു വേണ്ടി *മനസ്സലിവോടെ,* കരഞ്ഞ വ്യക്തിയായിരുന്നു. അതുപോലെ യേശുവും കരുതൽ കൊണ്ട് പലപ്പോഴും കരഞ്ഞിട്ടുണ്ട് - യേശുവിനെ ആളുകൾ നോക്കിയപ്പോൾ ചിലർ അവന്റെ പ്രയാസമുള്ള ഭാഗവും മറ്റു ചിലർ അവന്റെ മൃദുല ഭാഗവും കണ്ടു.

ഈ താരതമ്യമെല്ലാം ഉപചാരപൂർവ്വമായിരുന്നു. എന്നാൽ അവർ അതിൽ മാത്രം ഒതുങ്ങിയതുമില്ല. ദൈവത്തിന്റെ സ്വന്ത പുത്രൻ - ഏറ്റവും *ശ്രേഷ്ഠൻ* - എന്നു ചിന്തിക്കാതെ യേശുവിനെ വലിയൊരു വ്യക്തിയായി വിചാരിച്ചാൽ സാത്താനതു പ്രശ്നമല്ല.

യേശു തന്റെ ശിഷ്യന്മാർക്കുള്ള പരീക്ഷയിൽ രണ്ടാമത്തെ ചോദ്യം ചോദിച്ചു. അവസാനത്തെ പരീക്ഷയിൽ 100 ശതമാനവും കിട്ടേണ്ട ചോദ്യമാണിത്! ''അവൻ അവരോട്, 'നിങ്ങളോ എന്നെ ആർ എന്നുപറയുന്നു?' " (വാക്യം 15; എംഫസിസ് മൈൻ).

"യേശു ആരാകുന്നു എന്നാണ് *നിങ്ങൾ* പറയുന്നത്?" എന്ന ചോദ്യത്തെക്കാൾ മറ്റെന്തുണ്ട് ചോദിക്കാൻ: ഈ ചോദ്യത്തിനു ശരിയായ ഉത്തരം നല്കുവാൻ കഴിയുന്നില്ലെങ്കിൽ, ഈ ജീവിതത്തിലും നിത്യജീവിതത്തിലും വേണ്ട സഹായവും താങ്ങും ഒരിക്കലും കിട്ടുകയില്ല.

ഞാൻ യേശുവായിരുന്നെങ്കിൽ, ഞാൻ അവബോധമുള്ള അദ്ധ്യാപകൻ[5] ആയി എന്റെ വിചാരം ഏതാണ്ട് ഇതുപോലെ ആകുമായിരുന്നു: "ഏതാണ്ട് മൂന്നു വർഷമായി, എന്റെ വാക്കുകൾ, എന്റെ ജീവിതം, സമർപ്പിച്ചതെല്ലാം ഒരു സത്യം എന്റെ ശിഷ്യന്മാരിൽ പതിപ്പിക്കാനായിരുന്നു: ഞാൻ ആരാണ് എന്ന സത്യം. അവർ ആ സത്യം ഗ്രഹിച്ചുവോ? ഒരു അദ്ധ്യാപകൻ എന്ന നിലയിൽ ഞാൻ എത്രത്തോളം വിജയിച്ചിട്ടുണ്ട്?"

ചോദ്യത്തിനു പത്രോസ് മറുപടി പറഞ്ഞു. പത്രൊസിനെ വെട്ടിത്തുറന്നു കാര്യം പറയുന്നവൻ എന്നാണ് – അറിയപ്പെട്ടിരുന്നത്. എപ്പോഴും കാൽ വായിൽ ഇടുന്നവനായിരുന്നു.[6] എന്നിരുന്നാലും, ഒരു തവണ, പത്രൊസ് ശരിക്കും ഉത്തരം പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ, ക്രിസ്തു" (വാക്യം 16)! "ക്രിസ്തു" എന്നതിന്റെ അർത്ഥം "അഭിഷിക്തൻ" എന്നാണ്. "മശിഹ" എന്നതിനു തുല്യമായ ഗ്രീക്കുവാക്കാണ്. പഴയ നിയമകാലത്തു, ജനങ്ങൾ അഭിഷേകം ചെയ്തിരുന്നത്, പ്രവാചകന്മാരെ, പുരോഹിതന്മാരെ, രാജാക്കന്മാരെയും – യേശു ഇതു മൂന്നും ആയിരുന്നു. "പുത്രനായ" എന്നതു എബ്രായ പ്രയോഗമാണ്. "സ്വഭാവത്തിന്റെ പങ്കുള്ളവൻ" എന്നർത്ഥം. "ആകയാൽ ജീവനുള്ള ദൈവത്തിന്റെ പുത്രൻ" എന്നതിന്റെ അർത്ഥം "ദൈവസ്വഭാവത്തിന്റെ പങ്കുള്ളവൻ" എന്നാണ്!

ഈ പ്രതിപാദ്യപദങ്ങളെ മനസ്സിൽ വച്ചുകൊൾക. നിങ്ങൾക്കാവശ്യമുള്ള ഒരു *വ്യക്തിയെയാണ്* അവർ സംസാരിക്കുന്നത്. അതിനെക്കുറിച്ചു ഞാൻ കൂടുതൽ പറയുന്നതിനു മുൻപ്, ചിലർ എടുക്കുന്ന പകരമായവയെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

"യേശു അവനോടു, 'ബർയോനാശിമോനേ, നീ ഭാഗ്യവാൻ[7]'" (വാക്യം 17). തന്നെ ഏറ്റു പറയുന്ന, ഏവനേയും അവൻ ഏറ്റു പറയും എന്നു യേശു മുൻപു, പറയുകയുണ്ടായി (മത്തായി 10:32); ഇപ്പോൾ അവൻ പത്രൊസിനെ ഏറ്റു പറയുകയായിരുന്നു. യേശു തുടരുന്നു: "ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയതു" (വാക്യം 17). പത്രൊസ് ഈ സത്യം ഒരു മനുഷ്യനിൽ നിന്നു പഠിച്ചതല്ല, മനുഷ്യ ജ്ഞാനം ഭൂരിഭാഗം പേരും സമ്മതിച്ചിട്ടുണ്ട്,യേശു യോഹന്നാൻ സ്നാപകൻ, ഏലിയാവ്, യിരെമ്യാവ്, പ്രവാചകന്മാരിൽ ഒരാൾ എന്നു കരുതിയിരുന്നു. മറിച്ച് ദൈവമാണ് പത്രൊസിനു വെളിപ്പെടുത്തിയ സത്യത്തിന്റെ ഉറവിടം:

എന്നാൽ "സ്വർഗ്ഗസ്ഥനായ എന്റെ പിതാവ്" (വാക്യം 17). ഈ ചോദ്യം കണക്കിലെടുക്കുക: പത്രൊസ് ഈ സത്യം എങ്ങനെ *പഠിച്ചു?* അവൻ അതു യേശുവിൽ നിന്നല്ലേ പഠിച്ചത്? *യേശു* "ദൈവത്തിൽ നിന്നുമായിരുന്നു" (യോഹന്നാൻ 8:28); അവൻ ദൈവമായിരുന്നു!

പിന്നെ യേശു പറഞ്ഞു,

> ഈ പാറമേൽ ഞാൻ, എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗ രാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും, എന്നു ഉത്തരം പറഞ്ഞു (വാക്യം 18, 19).

പത്രൊസ് ആണ് ആദ്യം ഉത്തരം പറഞ്ഞത്. അതുകൊണ്ടവനു ക്ലാസ്സിൽ ആദ്യം നിൽക്കുവാൻ അവസരം കിട്ടി.[8] അതു നമുക്കു നിഷേധിക്കാൻ സാദ്ധ്യമല്ല: പ്രത്യേകമായ അംഗീകാരം പത്രൊസിനു ലഭിച്ചിരുന്നു.

ആദ്യം, അവനെ യേശു ഔദ്യോഗികമായി "പത്രൊസ്" എന്നു വിളിച്ചു. ഈ പേരിൽ അവൻ നന്നായി അറിയപ്പെട്ടു. "പത്രൊസ്" എന്നതിന്റെ അർത്ഥം "പാറ" എന്നാണ്. പത്രൊസ് "മാറുന്ന - മണലിൽ" നിന്നു ശിഷ്യനായി "ഒരു - ഉറച്ച - പാറ" എന്ന ശിഷ്യനായി വളരുന്നതു യേശു മനസ്സിലാക്കി. ഇതിനർത്ഥം മാറ്റം പൂർണ്ണമായി എന്നതല്ല. (അടുത്ത അദ്ധ്യായത്തിൽ അവൻ വീണ്ടും, നാം ഇവിടെ ഇരിക്കുന്നതു നന്ന്, മൂന്നു കുടിൽ ഉണ്ടാക്ക ഒന്ന് യേശുവിനു, മറ്റൊന്ന് മോശെയ്ക്ക്, വേറൊന്ന് ഏലിയാവിന് എന്നു പറഞ്ഞ് വീണ്ടും തന്റെ കാൽ വായിൽ ഇടുന്നുണ്ട്. പല അദ്ധ്യായങ്ങൾക്കു ശേഷം[9] അവൻ യേശുവിനെ തള്ളിപ്പറയുന്നുണ്ട്). അതിനർത്ഥം അവൻ പുരോഗമനം വരുത്തുന്നു എന്നാണ്. "പത്രൊസ്" എന്ന പേര് രണ്ടു പ്രസ്താവനയിലും എത്രത്തോളം വന്നിട്ടുണ്ട് എന്നും ഇനി എത്രത്തോളം പോകുമെന്നും മുന്നറിയിക്കുന്നു.

രണ്ടാമതായി, യേശു അവനു ദൈവരാജ്യത്തിന്റെ താക്കോൽ കൊടുത്തു. പത്രൊസുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരടയാളമാണ് താക്കോൽ (റോമിലെ സെന്റ് പീറ്റേഴ്സ് ബെസലിക്കയിലും - മറ്റു അനേക സ്ഥലങ്ങളിലും - പത്രൊസിനെ പ്രതിനിധീകരിക്കുന്ന രൂപങ്ങളിലെല്ലാം അപ്പൊസ്തലൻ താക്കോൽ പിടിക്കുന്നതു വർണ്ണിച്ചിരിക്കും). പത്രൊസിനാണ് താക്കോൽ ഉപയോഗിക്കുവാനുള്ള വിശേഷാധികാരം ലഭിച്ചത്. ആ താക്കോൽ ഉപയോഗിച്ചു ദൈവരാജ്യം യെഹൂദന്മാർക്കും ജാതികൾക്കും തുറന്നു കൊടുത്തു: പ്രവൃത്തി 2-ൽ

യെഹൂദന്മാർക്കും പ്രവൃത്തി 10ൽ ജാതികൾക്കും, മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുന്നതിനുള്ള നിബന്ധനകൾ ആദ്യമായി പ്രസംഗിക്കുവാനുള്ള അവസരം പത്രൊസിനാണു ലഭിക്കുന്നതു.

19-ാം വാക്യത്തിൽ യേശു പറഞ്ഞ "കെട്ടലിന്റെയും" "അഴിക്കലിന്റെയും" പ്രാധാന്യമെന്താണ്? പത്രൊസ് പ്രസംഗിക്കുമ്പോൾ, ദൈവശ്വാസീയമായിട്ടാണ് എന്നതാണ് അതിന്റെ സൂചന (യോഹന്നാൻ 14:26; 16:13). എൻ.എ.എസ്.ബി ഒരു ഇംഗ്ലീഷ് തർജിമ ആദ്യം അച്ചടിച്ചപ്പോൾ, മൂലഭാഷയിലെ അതേ കാലമാണ് 19-ാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്: ''നീ ഭൂമിയിൽ കെട്ടുവാനിരിക്കുന്നതു സ്വർഗ്ഗത്തിൽ *കെട്ടപ്പെട്ടിരിക്കും*, നീ ഭൂമിയിൽ അഴിക്കുവാനുള്ളതു സ്വർഗ്ഗത്തിൽ *അഴിഞ്ഞിരിക്കും*.''[10] (എംഫസിസ് മൈൻ) മറ്റൊരു രീതിയിൽ പറഞ്ഞാൽ, പത്രൊസിന്റെ പ്രസംഗം സ്വർഗ്ഗത്തിൽ *ആദ്യം* കെട്ടപ്പെട്ടതിനു ശേഷമാണ് പത്രൊസ് കെട്ടുന്നത്. സ്വർഗ്ഗത്തിൽ അഴിഞ്ഞ *ശേഷ*മാണ് ഭൂമിയിൽ അഴിക്കുന്നത് എന്നർത്ഥം. അവന്റെ സന്ദേശം അവനിൽ *നിന്നല്ല*, ദൈവത്തിൽ നിന്നാണ് ആരംഭിച്ചത്.

പത്രൊസ് പ്രത്യേകതയുള്ള വ്യക്തിയായിരുന്നു എന്ന കാര്യത്തിൽ സംശയം വേണ്ട. പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേർ പറയുമ്പോൾ ആദ്യം പത്രൊസിന്റെ പേരാണ് പറയുന്നത്. പത്രൊസിനെ ഒരിക്കലും വില കുറച്ചു കാണുകയോ, *ഉള്ളതിലധികം* വില കല്പിക്കുകയോ ചെയ്യരുത്.

മത്തായി 16:13-19 വരെയുള്ള ഭാഗങ്ങൾ വെളിച്ചം വീശുന്നതു - യേശു നമുക്കു വേണ്ട മശിഹ - ആയിട്ടാണ്. എന്നാൽ ചിലർ ഈ വേദഭാഗത്തിനു ചുറ്റും നിന്ന് പത്രൊസിനെ ഉയർത്തി കാണിക്കുന്ന ഭാഗമായി പറയുന്നു. പത്രൊസ് എന്ന പാറയിന്മേൽ ആണ് സഭ സ്ഥാപിച്ചിരിക്കുന്നത് എന്നാണ് അവർ പഠിപ്പിക്കുന്നത്. "കെട്ടുവാനും" "അഴിക്കുവാനും" കഴിവുള്ളതു കൊണ്ട് പത്രൊസിനു അവർ പ്രത്യേക സ്ഥാനം കൊടുത്തിരിക്കുന്നു. പത്രൊസ് ആയിരുന്നു സഭയുടെ ആദ്യത്തെ തല എന്നാണ് അവർ അവകാശപ്പെടുന്നത്, അവന്റെ സ്ഥാനം പിൻതലമുറക്കാർക്കു കൈമാറി കൊടുത്തു കൊണ്ടിരിക്കുന്നു എന്നും ഇപ്പോഴത്തെ വ്യക്തിയാണ് നിങ്ങൾക്കും, എനിക്കും ആവശ്യമെന്നും അവർ അവകാശപ്പെടുന്നു. എന്നാൽ, ഈ ആശയങ്ങൾ, ഒന്നും തന്നെ തിരുവെഴുത്തു പഠിപ്പിക്കുന്നില്ല.

മുൻപു പറഞ്ഞപോലെ, "പത്രൊസ്" - എന്ന പേർ *പെട്രോസ്* - എന്ന ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തു കിട്ടിയതിന്റെ അർത്ഥം "പാറ" അല്ലെങ്കിൽ "കല്ല്" എന്നാണ്. സാധാരണ വാക്കായകല്ലിനു പയോഗിച്ചിരിക്കുന്ന വാക്കാണ് *പെട്രോസ്*, എന്നത്, കയ്യിൽ ഒതുങ്ങുന്ന തരത്തിലുള്ള "കല്ല്", മത്തായി 16:18-ൽ പറയുന്ന വാക്കായ "പാറ"

തർജ്ജിമ ചെയ്തിരിക്കുന്നത് *പെട്ര,* എന്ന ഗ്രീക്കു വാക്കിൽ നിന്നാണ്. അതു സൂചിപ്പിക്കുന്നത്, വലിയപാറയാണ്.[11] ഫിലിപ്പിന്റെ കൈസര്യ പണിതതായ ചുണ്ണാമ്പുകല്ലുള്ള പാറപോലെ, "നീ പത്രൊസ് ആകുന്നു, ഈ പാറമേൽ എന്റെ സഭയെ പണിയും," എന്നു യേശു പറഞ്ഞപ്പോൾ അവൻ വാക്കുകൾ കൊണ്ടു അമ്മാനമാടുകയാവാം: "പത്രൊസേ,. നീ ഒരു ചെറിയ പാറയാണ്, എന്നാൽ ഈ വലിയ പാറമേൽ [നീ ഏറ്റു പറഞ്ഞ സത്യത്തിന്മേൽ], ഞാൻ എന്റെ സഭയെ പണിയും."

കെട്ടലും, അഴിക്കലും എന്ന അതേ വാഗ്ദാനം രണ്ടദ്ധ്യായങ്ങൾക്കു ശേഷം അപ്പൊസ്തലന്മാർക്കു *എല്ലാവർക്കും* നല്കുന്നുണ്ട് (മത്തായി 18:18).

മത്തായി 16:13–19 വരെയുള്ള ഭാഗത്ത് പത്രൊസ് പ്രാധാന്യമുള്ള വനാണെന്നു കാണിക്കുന്നുണ്ട്. എന്നാൽ അവൻ ഭൂമിയിൽ സഭയുടെ ആദ്യത്തെ തലയാണെന്നു പഠിപ്പിക്കുന്നില്ല. വേദഭാഗവും, ചരിത്രവും, യുക്തിയും എല്ലാം മത്തായി 16–ൽ ഊന്നി പറയുന്നതു, യേശു ക്രിസ്തുവിന്മേലാണ്, പത്രൊസിലോ മറ്റൊരു മനുഷ്യനിലോ അല്ല.[12]

നിർഭാഗ്യവശാൽ, മനുഷ്യനെ ഉയർത്തി കാണിക്കുന്ന പ്രവണത പത്രൊസിൽ ആരംഭിച്ചു. ചിലർ ഉപദേശത്തിനായും പ്രാർത്ഥനക്കായും ആ വ്യക്തിയേയോ ഈ വ്യക്തിയേയോ – വേണമെന്നു ശഠിക്കുന്നു. ഇന്നു പാസ്റ്റർ – സാദ്ധ്യതയുള്ള സഭയ്ക്കു, വേണ്ടിയുള്ള വ്യഗ്രതയാണ് കാണപ്പെടുന്നത്. ഒരു മനുഷ്യനെ ചുറ്റിപ്പറ്റി ആയിരക്കണക്കിനു കൂട്ടങ്ങൾ രൂപപ്പെടുന്നു. നിങ്ങളുടെ പ്രത്യാശയും, വിശ്വാസവും ഒരു മനുഷ്യനിലായാൽ അയാൾ എത്ര അത്ഭുത വ്യക്തിയായാലും നിരാശപ്പെടും.

നിങ്ങൾക്കു വേണ്ടതു ചില വ്യക്തിയല്ല, *യേശുക്രിസ്തു*വാണ്. യേശു സ്വർഗ്ഗത്തിൽ നിന്നു വന്നു ബലഹീനജഡമെടുത്തു (ഫിലിപ്പിയർ 2:5–8). "പാപം ഒഴികെ അവൻ നമ്മെപ്പോലെ, സകല ത്തിലും പരീക്ഷിക്കപ്പെട്ടു" (എബ്രായർ 4:15). അവൻ നമ്മുടെ ബലഹീ നതകളെ മനസ്സിലാക്കുന്നവനാണ്; അതു കൊണ്ടു നമ്മെ സഹാ യിക്കുവാൻ കഴിയും (എബ്രായർ 2:18). അവൻ നമ്മുടെ പക്ഷത്തു ള്ളവനാണ്; അവൻ നമ്മുടെ മദ്ധ്യസ്ഥനാണ് (1 തിമൊഥെയോസ് 2:5).

പൗലൊസ് തടവിലായിരുന്നപ്പോൾ അവൻ എഴുതി, "എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല, എല്ലാവരും എന്നെ കൈവിട്ടു; ... അതു അവർക്കു കണക്കിടാതിരിക്കട്ടെ. *കർത്താവേ* എനിക്കു തുണ നിന്നു പ്രസംഗം എന്നെ കൊണ്ടു നിവർത്തിപ്പാനും സകലജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചിരിക്കുന്നു, ..." (2 തിമൊഥെയോസ് 4:16, 17; എംഫസിസ്മൈൻ). അവൻ നിങ്ങളോടു കൂടെയിരിക്കും. അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു, "ഞാനോ ലോകാവസാനത്തോളം, നിങ്ങളോടു കൂടെയുണ്ട്" (മത്തായി 28:20).

## നിങ്ങൾക്കൊരു ജനം വേണം

ദൈവം നിങ്ങൾക്കു തരുന്നതിൽ ഒരു വ്യക്തിയെ മാത്രം തന്നു നിർത്തുന്നില്ല. അവൻ നിങ്ങൾക്കു *ജനത്തേയും* നല്കി - യേശുവിലുള്ള വിശ്വാസം പങ്കിടുന്ന മറ്റുള്ളവർ, നിങ്ങളുടെ ജീവിതത്തിലെ വിഷമസന്ധിയിൽ പങ്കിടുന്നവരാണ് അവർ.

നമുക്കു 18 ഉം 19 ഉം വാക്യങ്ങളിലേയ്ക്കു തിരിച്ചു പോകാം, ഈ സമയത്തു ആ വേദഭാഗത്തു മറ്റൊരു സ്ഥാനത്തുനിന്നു നോക്കാം: "നീ പത്രൊസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; ..." ഈ വാക്യങ്ങളിലെ *ആളുകൾ* യേശുവിനോടു പ്രത്യേക ബന്ധം ഉള്ള ആളുകളെക്കുറിച്ചു പറയുന്നു.

"ഈ പാറമേൽ ഞാൻ എന്റെ *സഭയെ* പണിയും" (എംഫസിസ് മൈൻ) യേശു പറഞ്ഞു. *എക്ലേസ്യ* എന്ന ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ് "സഭ" എന്നത്. *എക്ലേസ്യ* എന്നത് ഗ്രീക്കിൽ ഒരു സംയുക്തമായ വാക്കാണ്. അർത്ഥം "വിളിക്കപ്പെട്ടവർ"[13] എന്നാണ്. സഭയിലെ അംഗങ്ങളെ "വിളിച്ചു - വേർതിരിക്കപ്പെട്ടവർ," എന്നു പറയുമ്പോൾ അവരെ ലോകത്തിൽ നിന്നു വിളിച്ചു യേശുവുമായി പുതിയ ബന്ധത്തിൽ ചേർക്കപ്പെട്ടവർ എന്നാണ് ധ്വനി പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നു, അവരെ വിളിക്കുന്നതു സുവിശേഷത്താൽ ആണ് (2 തെസലൊനിക്യർ 2:14). ആ വിളിയെ പ്രതീക്ഷിക്കുന്നവർ യേശുവിൽ വിശ്വസിച്ച് ക്രിസ്തുവിൽ ചേരുവാൻ സ്നാനം (വെള്ളത്തിൽ മുങ്ങൽ), ഏല്ക്കുമ്പോൾ കർത്താവു തന്റെ ശരീരമായ സഭയോടു ചേർക്കും (പ്രവൃത്തി 2:38, 41, 47). യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ആളുകൾ അടങ്ങുന്ന ശരീരമാണ് സഭ (പ്രവൃത്തി 20:28; എഫെസ്യർ 5:23, 25).

സഭ എന്നതു ക്രിസ്തുവിന്റെ *പ്രത്യേക* ആളുകളാണ്, "ഈ പാറമേൽ ഞാൻ *എന്റെ സഭയെ* പണിയും". (എംഫസിസ് മൈൻ) "സഭ" എന്ന വാക്കു ഏക വചനമാണ്; ഒന്നു മാത്രം (1 കൊരിന്ത്യർ 12:13; എഫെസ്യർ 1:22, 23; 4:4; കൊലോസ്യർ 3:15). കൂടാതെ, അതു *അവന്റെ* സഭയാണ്; അതവനുള്ളതാണ്, അവനുള്ളതു മാത്രം വ്യക്തിപരമായി സഭയിലെ അംഗങ്ങളെ "ക്രിസ്ത്യാനികൾ" എന്നാണ് വിളിച്ചിരുന്നത് (പ്രവൃത്തി 11:26; 26:28; 1 പത്രൊസ് 4:16), പദപ്രയോഗത്തിന്റെ അർത്ഥം "ക്രിസ്തുവി*ലുള്ളവർ*" എന്നാണ്. കൂട്ടായ, സഭയെ പറയുന്നതു "ക്രിസ്തുവിന്റെ സഭ" അല്ലെങ്കിൽ "ക്രിസ്തുവിന്റെ സഭകൾ" (റോമർ 16:16),[14] അതിന്റെ അർത്ഥം "ക്രിസ്തുവിന്നുള്ളവർ" എന്നാണ്.

ഈ പ്രത്യേക കൂട്ടം ആളുകളെ "സഭ" എന്നു പറയുന്നവർക്കു

പ്രത്യേക *അടിസ്ഥാന*മാണുള്ളത്. യേശു പറഞ്ഞു, "*ഈ* പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (എംഫസിസ് മൈൻ) "പാറ" എന്നത് പത്രൊസിന്റെ ഏറ്റു പറച്ചിലാണ "ജീവനുള്ള, ദൈവത്തിന്റെ പുത്രനായ ക്രിസ്തു." പൗലൊസ് എഴുതിയത്, "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ ആർക്കും കഴിയില്ല" (1 കൊരിന്ത്യർ 3:11). യേശുവാണ് നമ്മുടെ "പാറ [പെട്രാ]" (1 കൊരിന്ത്യർ 10:4). എല്ലാ സ്ഥാപനങ്ങളും കണ്ടുപിടിച്ചിരിക്കുന്നതു അല്ലെങ്കിൽ സ്ഥാപിച്ചിരിക്കുന്നതു, ആശയങ്ങൾ, ആളുകൾ - തത്വങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് ചിലപ്പോൾ വലിയ ആശയങ്ങൾ തത്വങ്ങൾ, ആളുകൾ, എന്നിവ അടിസ്ഥാനപ്പെടുത്തിയാണ്ചിലപ്പോൾ - അത്ര വലിയതല്ലതാനും, ഒരു സ്ഥാപനവും അടിസ്ഥാനത്തിന്മേൽ അല്ലാതെ നന്നാകുന്നില്ല. സഭയുടെ അടിസ്ഥാനം ക്രിസ്തു തന്നെയാണ്!

ഈ പ്രത്യേക കൂട്ടം പ്രത്യേക അടിസ്ഥാനത്തിന്മേൽ പ്രത്യേക സ്വഭാവമുള്ളതാണ്: അതു *അക്ഷയമാണ്.* യേശു പറഞ്ഞതു, "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; *പാതാള്*[5] *ഗോപുരങ്ങൾ അതിനെ ജയിക്കയില്ല.*" "പാതാളം"എന്നതിന്റെ അക്ഷരിക അർത്ഥം "അദൃശ്യമായ" എന്നു സൂചിപ്പിക്കുന്നതു പ്രേതാത്മാക്കളുടെ, ന്യായവിധിക്കായി[6] കാത്തിരിക്കുന്ന അദൃശ്യ സ്ഥലം "ഗോപുരം" എന്നാണ്. ഈ ലോകത്തിൽ, ജഡിക മരണത്താൽ സഭയെ കീഴടക്കാൻ ഒന്നിനും കഴിയില്ല. *മരണ*ത്തിനു പോലും കഴിയുകയില്ല എന്നു യേശു പറഞ്ഞിരിക്കുന്നു!

യേശുവിന്റെ വാക്കുകൾ സത്യമാണെന്നു അനന്തര ചരിത്രം തെളിയിച്ചു. സഭയുടെ *സ്ഥാപനത്തെ* തടയുവാൻ പിശാച് മരണത്തെ ഉപയോഗിച്ചു. യേശുവിനെ കൊന്നു. എന്നിരുന്നാലും, യേശുവിന്റെ *മരണം* മുഖാന്തരം നമുക്കു രക്ഷയായി തീർന്നു. സഭ - സ്ഥാപിച്ചശേഷം, സഭയുടെ *വളർച്ച* തടയുവാൻ പിശാച് മരണത്തെ വീണ്ടും ഉപയോഗിച്ചു സഭയിലെ അംഗങ്ങളെ കൊന്നു കൊണ്ട്. എന്നാൽ രക്തസാക്ഷികളുടെ രക്തം സഭയെ - വളർത്തി വ്യാപിപ്പിക്കുന്നതി നിടയാക്കി!

വാസ്തവത്തിൽ സഭയിലെ ഓരോ അംഗത്തെയും കൊന്നാൽ പോലും, സഭയെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല; കാരണം ദൈവരാജ്യത്തിന്റെ "വിത്ത്" "ദൈവവചനമാണ്" (ലൂക്കോസ് 8:11) - ദൈവവചനം നശിപ്പിക്കാൻ പറ്റാത്തതാണ് (1 പത്രൊസ് 1:23-25). വചനം നിലനിൽക്കുന്നിടത്തോളം, അതു വായിക്കുന്ന മനുഷ്യൻ ആത്മാർത്ഥ ഹൃദയത്തോടെ വായിക്കുമ്പോൾ, ആ വിത്തു അവരുടെ ഹൃദയങ്ങളിൽ മുളയ്ക്കുന്നു, വിത്തു ഫലം കായ്ക്കുന്നതു അനുസരിക്കുന്നതിന്റെ ഫലമായാണ്, അങ്ങനെയുള്ള ആളുകളെ കർത്താവു സഭയോടു ചേർക്കുന്നു (പ്രവൃത്തി 2:38, 41, 47)! യേശു

ജനിക്കുന്നതിനു അനേക വർഷങ്ങൾക്കു മുമ്പ്, ദാനിയേൽ മുന്നറിയിച്ചത് ദൈവം, "*ഒരിക്കലും* നശിക്കാത്ത രാജ്യം സ്ഥാപിക്കും" എന്നായിരുന്നു (ദാനിയേൽ 2:44; എംഫസിസ് മൈൻ).

അവസാനമായി,ഈ പ്രത്യേക കൂട്ടം പ്രത്യേക അടിസ്ഥാനത്തിന്മേൽ പ്രത്യേക സ്വഭാവമുള്ളവർക്കു പ്രത്യേക ഗുണവും ഉണ്ട്: അതു *മഹത്വകരമാണ്.* അതു ദൈവത്തിന്റെ *രാജ്യമാണ്*!

ഈ സ്ഥാപനത്തെ വിവരിച്ചിരിക്കുന്ന ഓരോ നാമവും അതെത്ര മനോഹരമാണെന്നു തെളിയിക്കുന്ന നമ്മുടെ അനുമോദനം കൂട്ടി ചേർക്കുകയാണ്. നമ്മുടെ വേദഭാഗത്തിൽ രണ്ടു പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു: "രാജ്യവും." "സഭയും." ലോകവുമായുള്ള ബന്ധത്തിൽ, ഈ പ്രത്യേക കൂട്ടം ആളുകളെ സഭ എന്നും "വിളിക്കപ്പെട്ടവർ" എന്നും വിളിച്ചിരിക്കുന്നു. ദൈവവുമായുള്ള ബന്ധത്തിൽ രാജ്യം എന്നു പറയുമ്പോൾ - തങ്ങളെ തന്നെ ദൈവത്തിന്റെ ധർമ്മത്തിനും അവന്റെ സംരക്ഷണത്തിനും ഏല്പ്പിച്ചു കൊടുത്തവരാണ്!

വേറെ പേരുകൾ മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്: യേശുവുമായുള്ള ബന്ധത്തിൽ, സഭ ക്രിസ്തുവിന്റെ *ശരീരമാണ്* (എഫെസ്യർ 1:22, 23) - രക്ഷകനുമായുള്ള പ്രധാന ബന്ധത്തിലുള്ളവർ തന്റെ ഇഷ്ടത്താൽ നിയന്ത്രിക്കപ്പെടുന്നു. പരസ്പരമുള്ള ബന്ധത്തിൽ സഭ എന്നതു ദൈവ *ഭവനമാണ്* (1 തിമൊഥെയോസ് 3:15). ദൈവം നമ്മുടെ പിതാവും, യേശു നമ്മുടെ മൂത്ത സഹോദരനുമാണ്, നാമെല്ലാം ക്രിസ്തുവിൽ സഹോദരീ സഹോദരന്മാരാണ്!

ആവശ്യങ്ങളുടെ ഈ വലിയ സത്യങ്ങളെ നാം പരിഗണിക്കുമ്പോൾ, നാം ഈ അന്തിമ തീർപ്പിൽ എത്തുന്നു: നമുക്കോരോരുത്തർക്കും ആവശ്യമുള്ള ആളുകളാണ് ഈ ജനം!

ഞാനും എന്റെ കുടുംബവും ലോകം മുഴുവനും സഞ്ചരിച്ചതു കൊണ്ടു, ഒരു കാര്യം ഉറപ്പാക്കാൻ കഴിഞ്ഞു, ഞങ്ങൾ എവിടെയായാലും ഞങ്ങൾക്കു ക്രിസ്തുവിൽ സഹോദരന്മാരെയും സഹോദരിമാരേയും കാണാം. ഞങ്ങൾ സംസാരിക്കുന്നതിൽ നിന്നു വിഭിന്ന ഭാഷ സംസാരിക്കുന്നവരായേക്കാം, എന്നാൽ ഭാഷയുടെ തടസ്സങ്ങൾക്കപ്പുറമായ വിശിഷ്ടമായ ഒരു ബന്ധം ഉണ്ട്: ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസവും അർപ്പണവുമാണത്.

പാരീസിലെ ഒരു വൈകുന്നേരം ഓർമ്മവരുന്നു. ഒരു ബുധനാഴ്ച ഞാനും എന്റെ കുടുംബവും പാരീസിലെത്തി, 1973 മെയ് 1-ാം തീയതി. പാരീസിലെ ടൗണിലുള്ള ചർച്ചു ബിൽഡിങ്ങിന്റെ മുകളിലുള്ള മിഷനറി ക്വാർട്ടേഴ്സിൽ ആണ് ഞങ്ങൾക്കു താമസ സൗകര്യം ഒരുക്കിയത്. ബുധനാഴ്ച വൈകുന്നേരം മദ്ധ്യവാര ആരാധനാ സമയത്തിനു മുപ്പതു

മിനിട്ടു മുൻപു തന്നെ ഞങ്ങളെ അകത്തു പ്രവേശിപ്പിക്കുവാൻ ഫ്രഞ്ചുപദേഷ്ടാവായിരുന്ന, കാർഡിനാൽ, എത്തിയിരുന്നു. മുകളിലെ മുറികളും കാണിച്ചു തന്നു. ഞങ്ങൾ പെട്ടെന്നു ശരീരമൊക്കെ വൃത്തിയാക്കി താഴെ ആരാധനയ്ക്കു വരുന്നവരെ കാണുവാനെത്തി മെയ് 1 യൂറോപ്പിൽ ഒരു വലിയ ഒഴിവു ദിവസമാണ്, അധികം പേരും ടൗൺ വിട്ടു പോയതിനാൽ വിരലിലെണ്ണാവുന്നവർ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ചുരുങ്ങിയ വാക്കുകൾ കൊണ്ടും ആംഗ്യഭാഷ കൊണ്ടും ഞങ്ങൾ ചുററി നിന്നു ആശയവിനിമയം നടത്തി. കുറച്ചു കഴിഞ്ഞ് ഉപദേഷ്ടാവ് ഞങ്ങളെ പുറത്തേയ്ക്കു നയിച്ചു കൊണ്ടു പോയി, വീഥിയുടെ താഴെ വിരൽ ചൂണ്ടി, "ആർച്ച് ഡിട്രൈയാഫ്" എന്നു പറഞ്ഞു. ഞാൻ ആദ്യം വിചാരിച്ചതു അദ്ദേഹം ഞങ്ങളെ അടുത്തദിവസം കാഴ്ചകാണാൻ കൊണ്ടുപോകാനിരിക്കുന്നു എന്നാണ്. അവസാനം ഞങ്ങൾക്കു മനസ്സിലായി അദ്ദേഹം ഞങ്ങളെ അന്നു രാത്രി കാഴ്ച കാണാൻ കൊണ്ടുപോകാൻ പ്രതീക്ഷിക്കുന്നു എന്ന്. വളരെ പ്രയാസപ്പെട്ടു ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു ഞങ്ങളുടെ വരവിന്റെ മുഖ്യ ഉദ്ദേശ്യം കാഴ്ച കാണലല്ല, പിന്നെയോ വൈകുന്നേരം സഹോദരീ സഹോദരന്മാരോടൊപ്പം ആരാധിക്കുക എന്നതാണ്.

അവസാനം, ഞങ്ങൾ അകത്തേയ്ക്കു മടങ്ങി വന്നു. ഒരു ചെറിയ മുറിയിൽ മേശയ്ക്കു ചുറ്റും ഞങ്ങൾ ഇരുന്നു. സഹോദരൻ കാർഡിനാൽ ഇരുന്നു ഫ്രെഞ്ചിൽ, ചില പാട്ടുകൾ പാടി സുപരിചിതമായ രീതിയായിരുന്നതു കൊണ്ട് ഞങ്ങൾ ഇംഗ്ലീഷിൽ പാടി. സഹോദരൻ കാർഡിനാൽ ഫ്രെഞ്ചിൽ പ്രാർത്ഥിച്ചു. പിന്നെ എന്നെ ഇംഗ്ലീഷിൽ പ്രാർത്ഥിപ്പാൻ അനുവദിച്ചു. അദ്ദേഹം ചില സൂചനാ കുറിപ്പുകൾ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ചില വാക്കുകൾ ഞങ്ങൾക്കു മനസ്സിലായി. ഇടയ്ക്ക് ഒരു സമയം അയാൾ ഞങ്ങളെ ഒരു ഉദാഹരണമായി എടുത്തു പറഞ്ഞു എന്നതു വ്യക്തം. ഞങ്ങൾ വീട്ടിൽ, നിന്നു ആയിരം മൈലുകൾ അകലെയാണ് വന്നിരിക്കുന്നത്, ഇവിടത്തെ ഭാഷ സംസാരിക്കുവാൻ ഞങ്ങൾക്കു കഴിയില്ല. എങ്കിലും ഞങ്ങൾ കുടുംബത്തോടു കൂടെയാണ്.

ഞാൻ, എവിടെ പ്രസംഗിച്ചാലും, സ്നാനശേഷം ഞങ്ങൾ ഒരു പ്രാർത്ഥനാവലയം ഉണ്ടാക്കും. പുതുതായി ക്രിസ്ത്യാനികളായി തീർന്ന ആളോടു ഞാൻ പറയും, "ഈ ചെറിയ വൃത്തം പ്രതിനിധീകരിക്കുന്നതു നിങ്ങളുടെ പുതിയ കുടുംബമാണ്!ഇതു അക്ഷരികമായി ഭൂലോക വൃത്തത്തെ കുറിക്കുന്നു. നിങ്ങൾ ലോകത്തിൽ എവിടെ പോയാലും, ഒരേ വിശ്വാസമുളള മറ്റുള്ളവരെ കാണും. അവർ നിങ്ങളെ സ്നേഹിക്കുകയും കരുതുകയും ചെയ്യും!"

നിങ്ങൾക്കിതു വേണം നിങ്ങൾക്ക് ഇതാവശ്യമെന്ന് കർത്താവിന്

*അറിയാമായിരുന്നു.* അതു കൊണ്ടാണ് അവൻ ഈ പ്രത്യേക കൂട്ടം ആളുകളെ സഭയായി വിളിച്ചിരിക്കുന്നത്.

നിർഭാഗ്യവശാൽ, ഈ ഏർപ്പാടിൽ യാന്ത്രികമായി സംഭവിക്കുന്ന ഒന്നുമില്ല. നിങ്ങൾക്കു ക്രിസ്തുവിന്റെ സഭയിലെ അംഗമായി തീരാനും അതേസമയം ഏകാന്തമായി ജീവിക്കാനും കഴിയും. ''ഏകാന്തത എന്നതു വൈദ്യുതാഘാതം ഏല്ക്കാതെ പൊതിയുന്നതു''[17] മാറിയിരിക്കുന്നതു അത്ര കാര്യമാക്കാതിരിക്കുക എന്നതാണെന്നു ആരോ പറഞ്ഞിട്ടുണ്ട്. വേറൊരാൾ പറഞ്ഞതു "അകത്തു നിന്നു മാത്രം തുറക്കാവുന്ന ഒരു തടവാണ് ഏകാന്തത എന്നത്രെ."[18] നിങ്ങളുടെ ജീവിതം അനുഗ്രഹിക്കുന്നതിനാണ് ദൈവം സഭയെ സ്ഥാപിച്ചിരിക്കുന്നത്, പക്ഷെ നിങ്ങൾ അതിനെ *ശരിയായി* എടുക്കണം. വല്ലപ്പോഴും പരിശോധിക്കേണ്ട അഗ്നിശമനി എന്ന പോലെ വല്ലപ്പോഴും ആരാധനയ്ക്കു കൊണ്ടു വന്നു ശരിയാക്കാവുന്ന ഒന്നല്ല ഇത്. മറിച്ച്, ശക്തമായ ബന്ധം! നിങ്ങൾ വളർത്തിയെടുക്കണം. സഭയുടെ പ്രവർത്തിയ്ക്കും ജീവനും നിങ്ങൾ സജീവമായി ഉൾപ്പെടണം. നിങ്ങൾ, അതു ചെയ്താൽ ദൈവം നമുക്കായി നൽകുന്നവ എത്ര മനോഹരമാണെന്നു നാം തിരിച്ചറിയും!

സമയാസമയങ്ങളിൽ, ഇതു പോലെ ദുഖകരമായ വാക്യങ്ങൾ ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട്: "ഞങ്ങൾ ഒരു പുതിയ സ്ഥലത്തേയ്ക്കു മാറി ... ഞങ്ങൾ ആറു മാസമായി ... എങ്കിലും ഞങ്ങൾക്കു സ്നേഹിതന്മാർ ആരുമില്ല!"[19] ഇതു കേൾക്കുമ്പോൾ, ചിലപ്പോൾ, ഞാൻ വിചാരിക്കും അവർക്കു വേണ്ടതു "കർത്താവിന്റെ സഭയാണ്! എന്റെ കുടുംബം ആ പ്രദേശത്തേയ്ക്കു മാറിയാൽ, ഉടനെ തന്നെ ഞങ്ങൾക്കു താങ്ങായി ഒരു കൂട്ടം എത്താവുന്ന ദൂരത്തിനുള്ളിൽ ഉണ്ടാകുമായിരുന്നു". സഭയിലെ അംഗങ്ങൾ ചിലപ്പോൾ പറഞ്ഞു കേൾക്കാറുള്ളത്, ''സഭയില്ലാതെ ഞാൻ എന്തു ചെയ്യുമായിരുന്നു എന്നെനിക്കറിഞ്ഞു കൂടാ'' ''സഭയില്ലാതെ ആളുകൾ എന്തു ചെയ്യുമെന്നു എനിക്കറിഞ്ഞു കൂടാ."

എന്നെ തെറ്റിധരിക്കരുത്. സഭ എന്നത് ആത്മീയ താങ്ങ് നൽകുന്നതിനേക്കാൾ ഒന്നുമല്ല *എന്നല്ല* ഞാൻ പറഞ്ഞത്. അതു ദൈവത്താൽ സ്ഥാപിതമായതാണ് ''അതു സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ്" (1 തിമൊഥെയോസ് 3:15). സഭയിലാണ് ദൈവ ത്തിന്റെ "ബഹുവിധമായ ജ്ഞാനം" (എഫേസ്യർ 3:10). സ്വർഗ്ഗീയ ദൗത്യം നിർവ്വഹിക്കുന്നതു കൊണ്ട് എങ്ങനെയായാലും, അതു കൊടു ങ്കാറ്റിൽപെട്ടവർക്കു ഒരു അഭയസ്ഥാനമായും പ്രവർത്തിക്കുന്നു.

കൂടാതെ, ഞാൻ പറയുന്നത് സഭയ്ക്കു ചെയ്യാൻ കഴിയുന്നതു ഒരു ഭാഗത്തേയ്ക്കു മാത്രം ചെയ്യുന്ന ഏർപ്പാടല്ല. ചിലർ സഭയെ മുതലെടുക്കുന്നവർ ഉണ്ട്. അവരുടെ സ്വഭാവം "*എന്റെ* ആവശ്യം

നിറവേറ്റുവാനാണ് ഓരോരുത്തരും നിലനിൽക്കുന്നതു എന്നാണ്". സഭ എന്നതു അന്യോന്യമുള്ള തുണയായ കൂട്ടമാണ്; നാം *അന്യോന്യം* കരുതലുള്ളവരായിരിക്കണം. നമുക്കെല്ലാവർക്കും വേണ്ടതായ ആളുകളാണ് സഭ എന്നതാണ്

മത്തായി 16:13–19 വരെയുള്ള വേദഭാഗം വിശദമാക്കുന്നത്!

**ഉപസംഹാരം**

*എപ്പോഴാണ്* യേശു മത്തായി 16–ൽ വാഗ്ദാനം ചെയ്ത തന്റെ സഭയെ/രാജ്യം പണിതത്? തന്റെ ശ്രേഷ്ടമായ വാഗ്ദാനം നിറവേറ്റപ്പെട്ടത് പ്രവൃത്തി 2–ാം അദ്ധ്യായത്തിൽ കാണാം.

ക്രിസ്തുവിന്റെ മരണം,അടക്കം,ഉയർത്തെഴുന്നേല്പ്, എന്നിവയ്ക്കു ശേഷം പത്രൊസ് എഴുന്നേറ്റു നിന്നു പ്രസംഗിച്ച *വ്യക്തി* നമുക്കെല്ലാവർക്കും വേണം:

> "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി – വെച്ചുവെന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞു കൊള്ളട്ടെ."
>
> ഇതു കേട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും "സഹോദരന്മാരായ പുരുഷന്മാരെ, ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്നു ചോദിച്ചു. പത്രൊസ് അവരോടു, "നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപമോചനത്തിനായി; ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തി 2:36–38).

ഫലത്തിൽ, പത്രൊസ് പറഞ്ഞതു, "നിങ്ങൾ മാനസാന്തരപ്പെട്ടു സ്നാനമേറ്റപ്പോൾ കഴിഞ്ഞതെല്ലാം നീങ്ങപ്പെടും, കഴിഞ്ഞ കാല പാപങ്ങൾ മോചിക്കപ്പെടും: *ഭാവി*യിലും നിങ്ങൾക്കു സഹായം ലഭിക്കും: ക്രിസ്തീയ ജീവിതം നയിക്കേണ്ടതിനു നിങ്ങളെ സഹായിക്കുവാൻ ദൈവത്തിന്റെ ആത്മാവു നിങ്ങൾക്കു തരും!" ഇതെല്ലാം മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ''നിങ്ങൾ സ്നാനപ്പെടുമ്പോൾ നിങ്ങൾക്കാവശ്യമുള്ള വ്യക്തിയുമായി ബന്ധപ്പെട്ടു രക്ഷിക്കുന്ന ശക്തി ലഭിക്കും.'' പൗലോസ് പറയുന്നു: ''അല്ല ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. *ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന* നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:26, 27; എംഫസിസ് മൈൻ)!

പ്രവൃത്തി 2:41 കുറിക്കുന്നതു, "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു *ചേർന്നു*"

(എംഫസിസ് മൈൻ). 47-ാം വാക്യം പറയുന്നു, ''കർത്താവു രക്ഷിക്കപ്പെടുന്നവരെദിനംപ്രതിസഭയോടു ചേർത്തുകൊണ്ടിരിക്കുന്നു'' പുരാതന കയ്യെഴുത്തു പ്രതിയിൽ ഈ വാക്കുകളാണ് കാണുന്നത്: "കർത്താവു ദിവസേന *സഭയോടു* ചേർത്തുകൊണ്ടിരിക്കുന്നു." (എംഫസിസ് മൈൻ; കെജെവി) അവർ, സ്നാനമേറ്റപ്പോൾ ക്രിസ്തുവിനോടു ചേരുവാൻ; സ്നാനപ്പെടുക മാത്രമല്ല ചെയ്തത്. പിന്നെയോ അവന്റെ സഭയോടു ചേരുവാൻ കൂടിയാണ് സ്നാനമേറ്റത് (1 കൊരിന്ത്യർ 12:13; എഫേസ്യർ 1:22, 23). ആ ശരീരത്തിലുള്ള അവന്റെ ബന്ധത്തെക്കുറിച്ചു, പ്രവൃത്തി 2:42, 44 പറയുന്നതു, ''അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന ... കഴിച്ചും പോന്നു. വിശ്വസിച്ചവർ എല്ലാവരും, ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ചെയ്തു.'' അവർക്കുണ്ടായിരുന്നതു അവർ അന്യോന്യം *പങ്കിട്ടു*. അങ്ങനെ ഈ പുതിയ ക്രിസ്ത്യാനികൾക്കും അവർക്കു വേണ്ട *ആളുകളെ* കിട്ടി.

നിങ്ങൾക്കു യേശുക്രിസ്തു എന്ന വ്യക്തി വേണം: നിങ്ങൾക്കു ജനം വേണം: കർത്താവിന്റെ സഭ. നിങ്ങൾ ക്രിസ്തുവിനോടു ചേരുവാൻ ഇതുവരെയും സ്നാനമേറ്റില്ലെങ്കിൽ, നിങ്ങൾ ഉടനെ സ്നാനമേറ്റു നിങ്ങളുടെ ജീവിതത്തിലെ വലിയ ആവശ്യങ്ങൾ തൃപ്തികരമാക്കും എന്നു ഞാൻ പ്രാർത്ഥിക്കുന്നു!

---

കുറിപ്പുകൾ

[1]ബാറ്റ്സെൽ, ബാരെറ്റ് ബാക്സറ്റർ, *വെൻ ലൈഫ് ടംബിൾസ് ഇൻ*(ഗ്രാന്റ് റാപ്പിഡ്സ്, മിക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1974), 22. [2]മറ്റുള്ളവരോടുള്ള സഹായകരമായ ബന്ധത്തെ സൂചിപ്പിക്കുന്ന വാക്കുകളാണ് "നെറ്റ്വർക്ക്" എന്നതും "സപ്പോർട്ട് ഗ്രൂപ്പ്" എന്നതും. നിങ്ങളുടെ സ്ഥലവാസികൾക്കു സുപരിചിതമായ പ്രയോഗങ്ങൾ നടത്താം. [3]ലൂക്കോസ് 3:1. [4]"വരുവാനുള്ള ഏലിയാവ്" യോഹന്നാൻ സ്നാപകനായിരുന്നു എന്ന് യേശു സൂചിപ്പിച്ചു (മത്തായി 11:14). [5]യേശുവിന്നു മറ്റുള്ളവരുടെ ചിന്തകൾ അറിയാവുന്നതുകൊണ്ട്, ഞാൻ ഊഹിക്കുന്നതുപോലെ, ഊഹിക്കേണ്ടതില്ല. [6]''കാൽ വായിലിടുക'' എന്ന പ്രയോഗം ശരിയല്ലാത്ത വിവരണം ഒരാൾ പറഞ്ഞു ലജ്ജിതനാക്കുന്നതിനെ സൂചിപ്പിക്കയാണ്. [7]"ബർയോനാ" എന്നതിന്റെ ആന്തരിക അർത്ഥം"യോനയുടെ മകൻ" എന്നാണ്. ആധുനിക തർജ്ജിമയിൽ വായിക്കുന്നത്. "യോഹന്നാന്റെ മകൻ'' "ജോണിന്റെ മകൻ" എന്നാണ്, അല്ലെങ്കിൽ "ജോൺസൺ" എന്ന്. [8]അമേരിക്കയിലും മറ്റു രാജ്യങ്ങളിലും കുട്ടികളെ പുകഴ്ത്തുന്നതിനോ (അവർക്കു സമ്മാനം നല്കുന്നതിനോ) അവരെ മുൻനിരയിലേക്കു ക്ഷണിക്കാറുണ്ട്. [9]26-ാം അദ്ധ്യായം. [10]1973-ലെ പ്രസിദ്ധീകരണം.

[11]*പെത്രോസും പെത്രയും* തമ്മിൽ അടിസ്ഥാനപരമായി മൂന്നു വ്യത്യാസങ്ങൾ ഉള്ളത്, അക്ഷരത്തിൽ, ലിംഗത്തിൽ അർത്ഥത്തിൽ ആണ്. [12]"ആരെങ്കിലും നിങ്ങൾക്കു

വേണം" എന്നതുകൊണ്ട് ഈ പ്രത്യേക സംഘടനയിൽ പത്രോസിനെ മാത്രമല്ല ഉയർത്തിയിരിക്കുന്നതു. ചിലർ ശഠിക്കുന്നു. യേശുവിന്റെ അടുക്കൽ എത്തുവാൻ "അമ്മയുടെ സ്പർശനം" ആവശ്യമാണ് (മറിയ). ആത്മീയകാര്യങ്ങളിൽ പ്രത്യേക സ്വാധീനം ചെലുത്താൻ "വിശുദ്ധന്മാർ" വേണമെന്നും പറയും. [13]*എക്ലേസിയ* എന്നതു എക് (ഔട്ട് ഓഫ്) *കാലിയോ* (വിളിക്കുക). [14]"സഭ" എന്ന നാമം യേശുവിനോടു ബന്ധപ്പെടുവാൻ ലോകത്തിൽ നിന്നു വിളിച്ചു വേർതിരിക്കുന്ന എല്ലാവരേയും ഉൾപ്പെടുത്തി സാർവ്വലൗകികമായ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഈ അർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ ഏകവചനമാണ് ഉപയോഗിക്കുന്നത്, (മത്തായി 16:18). ഒരു പ്രദേശത്തുള്ള ആളുകളെ വിളിച്ച് വേർതിരിക്കുന്ന അർത്ഥത്തിലും "സഭ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഈ അർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ, ബഹുവചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് - റോമർ 16:16 ... പുതിയ നിയമത്തിൽ സഭയെ മറ്റു നാമങ്ങളിലും അറിയപ്പെടുന്നുണ്ട്. ഉദാഹരണമായി "ദൈവത്തിന്റെ സഭ" (പ്രവൃത്തി 20:28). മറ്റു പദങ്ങൾ എല്ലാം അടിസ്ഥാനപരമായി "ക്രിസ്തുവിന്റെ സഭ" എന്നതിനു തുല്യമായ പദമാണ് ഉപയോഗിച്ചിട്ടുള്ളത്. [15]KJV "നരകം" എന്നാണ് പറഞ്ഞിരിക്കുന്നത്, മൂന്നു വ്യത്യസ്ത ഗ്രീക്കു വാക്കുകളാണ് തർജ്ജിമ"നരകം": (1) *ഗെഹെന്ന,* എന്ന "നരകാഗ്നി" എന്നുള്ള വാക്ക് (മത്തായി 5:22 തുടങ്ങിയവ); (2) *പാതാളം,* "അദൃശ്യ [ലോകം]," അതായതു മരിച്ചവരുടെ ലോകം (പ്രവൃത്തി 2:27 മുതലായവ); *യാതനാ സ്ഥലം,* സൂചിപ്പിക്കുന്ന ദുഷ്ടരായ മരിച്ചവരുടെ സ്ഥാനം (2 പത്രൊസ് 2:4) മത്തായി 16:18ൽ കാണുന്നതു *പാതാളം* എന്നതാണ്. നരകത്തിലുള്ള ശക്തി(സാത്താനും അവന്റെ ദൂതൻമാരും)ക്കും സഭയെ തോൽപ്പിക്കാവുന്നതല്ല - ഈ വാക്യം നേരിട്ടല്ലാതെ പഠിപ്പിക്കുന്നത് - ഇത് അക്ഷരീകമായ അർത്ഥത്തിലല്ല Q] t b rKri icn p¶ Xv[16]ലൂക്കോസ് 16:19-31; 23:43; പ്രവൃത്തി 2:31; യോഹന്നാൻ 20:17. [17]ഹാരോൾഡ് ഡബ്ലിയു റൂവോപ്പ്, ഉദ്ധരിച്ചതാണ് ലെയനാഡ് ലെവിൻസൺ, വെബ്സ്റ്റേഴ്സ് അൺ അബ്രൈഡ് ഡിക്ഷ്ണറി (ന്യൂയോർക്ക്, NY: കോളിയെർ ബുക്സ്, 1967), 143. [18]ആട്രിബൂടെഡ് ടു "അന്നാബെലെ സൂറിച്ച്," ബൈ ലെയനാഡ് ലൂയിസ്ലെവിൻസൺ,വെബ്സ്റ്റേഴ്സ് അൺ അബ്രൈഡ് ഡിക്ഷ്ണറി (ന്യൂയോർക്ക്, NY: കോളിയെർ ബുക്സ്, 1967), 143. [19]എന്റെ മകളുടെ സ്നേഹിതയായിരുന്ന ഒരുപെൺകുട്ടിക്കു ലൂക്കേമിയ പിടിപെട്ട ദുഃഖകരമായ അവസ്ഥ എനിക്കോർമ്മ വരുന്നു. അവളുടെ കുടുംബം റോഡ് ഐലന്റിലേക്കു താമസം മാറ്റിയിരുന്നു. അവിടെ അവർക്കു ആരെയും പരിചയമില്ല; അവിടെ അവർക്കു സ്നേഹിതരില്ല, ബന്ധുക്കളില്ല, സഹായിക്കുവാനായി ഈ ഘട്ടത്തിൽ ആരുമില്ലായിരുന്നു.